HQ/17/2022/EXCISE

**കേരള എക്സൈസ് വകുപ്പ്**
**"മാതൃഭാഷ-മലയാളം"**

എക്സൈസ് കമ്മീഷണറുടെ കാര്യാലയം
തിരുവനന്തപുരം,
തീയതി: 13-09-2022
ഇ-മെയിൽ : ecoffice.exc@kerala.gov.in
ഫോൺ:0471-2332632

**സർക്കുലർ നം-HQ/17/2022/EXCISE**

വിഷയം: എക്സൈസ് വകുപ്പിൽ ലഭിക്കുന്ന മദ്യം, മയക്കുമരുന്ന് എന്നിവയുമായി ബന്ധപ്പെട്ട വിവരങ്ങൾ/പരാതികൾ തീർപ്പാക്കുന്നത്-സംബന്ധിച്ച്.

സൂചന: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ നടന്ന 31-8-20 2 2 തീയതിയിൽ നടന്ന ഉന്നതതല യോഗത്തിലെ തീരുമാനം

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ സംസ്ഥാനത്ത് ലഹരി വ്യാപനം തടയുന്നതുമായി ബന്ധപ്പെട്ട് വിവിധ വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥർ പങ്കെടുത്ത അവലോകന യോഗത്തിൽ ലഹരിവസ്തുക്കളുടെ അനധികൃത ഉത്പാദനം, വിതരണം, വിപണനം, ഉപയോഗം എന്നിവ സംബന്ധിച്ച് പൊതുജനങ്ങൾ നൽകുന്ന വിവരങ്ങൾ/പരാതികൾ സ്വീകരിക്കുന്നതിന് എല്ലാ ഓഫീസുകളിലും പ്രത്യേക സംവിധാനം ഉണ്ടാക്കണമെന്നും ഇത്തരം വിവരങ്ങൾ/പരാതികൾ എന്നിവ ഉടനടി നടപടിപൾ സ്വീകരിക്കുന്നതിന് കൺട്രോൾ റൂമുകൾ സജ്ജീകരിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. സംസ്ഥാനത്ത് എല്ലാ ഡിവിഷൻ ഓഫീസുകളിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകൾ നിലവിലുണ്ട്. കൂടാതെ എല്ലാ ദിവസങ്ങളിലും രണ്ട് സ്ട്രൈക്കിംഗ് ഫോഴ്സ് യൂണിറ്റുകളും അതിർത്തി ജില്ലകളിൽ ബോർഡർ പെട്രോളിംഗ് യൂണിറ്റുകളും പ്രവർത്തിച്ചുവരുന്നു. ഇവക്ക് പുറമേ എക്സൈസ് കമ്മീഷണറേറ്റിൽ വിവരങ്ങൾ/പരാതികൾ എന്നിവ സ്വീകരിക്കുന്നതിന് 2 4 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകളും പ്രവർത്തിക്കുന്നുണ്ട്.

മേൽ സൂചന നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ജില്ലാതല കൺട്രോൾ റൂമുകളുടെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തേണ്ടതുണ്ട്. എല്ലാ ഓഫീസുകളിലും മദ്യം, മയക്കുമരുന്ന് എന്നിവയുമായി ബന്ധപ്പെട്ട വിവരങ്ങൾ/പരാതികൾ എന്നിവ സ്വീകരിക്കുന്നതിന് 2 4 മണിക്കൂറും പ്രവർത്തിക്കുന്ന സംവിധാനമുണ്ടാകണം. ഇത്തരത്തിൽ ലഭിക്കുന്ന വിവരങ്ങൾ/പരാതികൾ അപ്പപ്പോൾ തന്നെ കൺട്രോൾ റൂം പാർട്ടികൾക്ക് കൈമാറുകയും ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ കൺട്രോൾറൂമിൽ ഇതിനുവേണ്ടി സൂക്ഷിക്കുന്ന രജിസ്റ്ററുകളിൽ രേഖപ്പെടുത്തേണ്ടതുമാണ്. കൺട്രോൾ റൂം നമ്പറുകൾ കൃത്യമായ ഇടവേളകളിൽ വിവിധ മാധ്യമങ്ങൾ വഴിയും സോഷ്യൽ മീഡിയകൾ വഴിയും പൊതുജനങ്ങൾക്ക് നൽകേണ്ടതാണ്. പരാതി ലഭിക്കുന്ന സ്രോതസ്സുകൾ ഒരു കാരണവശാലും വെളിപ്പെടുത്തുവാൻ പാടുള്ളതല്ല. പരാതി അറിയിക്കുന്ന വ്യക്തികളോട് വളരെ മാന്യമായി പെരുമാറേണ്ടതാണ്.

കൺട്രോൾ റൂമുകളിലും ഫീൽഡ് ഓഫീസുകളിലും ലഭിക്കുന്ന പരാതികളിൽ സമയോചിതവും ഫലപ്രദമായതുമായ ഇടപെടൽ മേലുദ്യോഗസ്ഥർ ഉറപ്പുവരുത്തേണ്ടതാണ്.

RAJEEV D.

Signed by
Rajeev D.
Date: 13-09-2022 10:01:47

HQ/17/2022/EXCISE

**എക്സൈസ് കമ്മീഷണർക്കു വേണ്ടി**

പകർപ്പ്

1. അഡീഷണൽ എക്സൈസ് കമ്മീഷണർ(ഭരണം/എൻഫോഴ്സ്മെന്റ്)
2. വിജിലൻസ് ഓഫീസർ(എക്സൈസ്)
3. എല്ലാ ജോയിന്റ് എക്സൈസ് കമ്മീഷണർമാർക്കും
4. എല്ലാ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർക്കും
5. എല്ലാ അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർമാർക്കും
6. എല്ലാ എക്സൈസ് സർക്കിൾ ഇൻസ്പെക്ടർമാർക്കും
7. എല്ലാ എക്സൈസ് ഇൻസ്പെക്ടർമാർക്കും
8. എക്സൈസ് കമ്മീഷണറുടെ സി.എ. യ്ക്ക്
9. ഓഫീസ് ഫയൽ / സ്റ്റോക്ക് ഫയൽ